**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4417** **10-08-2021 - ൽ മറുപടിയ്ക്ക്**

**കരനെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കരനെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷമതയേറിയ വിത്തിനങ്ങൾ കണ്ടുപിടിക്കുന്നതിന് ഉതകുന്ന ഗവേഷണങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (എ) | ഉണ്ട്. കരനെൽകൃഷിക്ക് അനുയോജ്യമായതും ഉയർന്ന വിളവ് നൽകുന്നതുമായ "വൈശാഖ്" എന്ന നെല്ലിനം കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| (ബി) | കരനെൽകൃഷി ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600/- രൂപ നിരക്കിൽ 404.41 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ആയതിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാന പരിചരണ മുറകളായ കള നിയന്ത്രണം, ജലസേചനം, നൂതന വളപ്രയോഗ രീതികൾ മുതലായവ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പരി ചരണ മുറകൾ കേരളത്തിന്റെ മറ്റ് സ്ഥലങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പരീക്ഷിച്ച് കൃത്യത ഉറപ്പുവരുത്തിയതിന് ശേഷം കർഷകർക്ക് അനുവർത്തിക്കുന്നതിനായി പ്രചാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ